# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2701 — 12.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ ലാഭത്തിൽ പ്രവർത്തിക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലെ പുതിയ വായ്പാനയം സഹകരണ ബാങ്കുകൾക്ക് സാമ്പത്തിക നഷ്ടം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ജില്ലാ സഹകരണ ബാങ്കുകൾ നഷ്ടത്തിലാവാൻ പ്രസ്തുത വായ്പാനയം കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; | (ബി) സംസ്ഥാനത്തെ 2 ജില്ലാ ബാങ്കുകൾ (ആലപ്പുഴ, കോട്ടയം) ഒഴികെ മറ്റെല്ലാ ബാങ്കുകളും ലാഭത്തിലാണ്. വായ്പാനയം നഷ്ടത്തിന് കാരണമായിട്ടില്ല. |
| (സി) സഹകരണ ബാങ്കുകൾ ലാഭത്തിലാക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് നബാർഡിൽ നിന്ന് കാർഷിക വായ്പ ലഭ്യമല്ലാത്തതു കാരണം, കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ നൽകേണ്ടി വരുന്നതും, കൂടിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും, വായ്പ തിരിച്ചടയ്ക്കാത്തതു കാരണം, കൂടുതൽ കരുതൽ വയ്ക്കേണ്ടി വരുന്നതും നഷ്ടത്തിന് കാരണമാകുന്നുണ്ട്. ഇക്കാര്യത്തിൽ കുടിശ്ശിക കുറയ്ക്കുന്നതിനും, ചെലവ് കുറഞ്ഞ നിക്ഷേപം സ്വരൂപിക്കുന്നതിനും വായ്പകൾ കൂടുതൽ നൽകിയും, ചെലവുകൾ കുറച്ചും ലാഭകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ